പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **2669** — **21.06.2012 - ൽ മറുപടിക്ക്**

## സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി പൂർത്തിയായ വീടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ,<br>ശ്രീ.സണ്ണി ജോസഫ്,<br>ശ്രീ.എം.എ.വാഹിദ്,<br>ശ്രീ.ഹൈബി ഈഡൻ.<br>.... | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി)<br>.... |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ ;

(എ) *തിരുവനന്തപുരം :*

ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ വില്ലേജിൽ മുടങ്ങി കിടന്ന പൊഴിയൂർ ഭവനപദ്ധതിയുടെ പണി പുനരാരംഭിച്ചിട്ടുണ്ട്.

*കൊല്ലം :*

ടി.ആർ.പി. ജനറൽ പാക്കേജിൽ ഉൾപ്പെടുത്തിയ ശക്തികുളങ്ങര വില്ലേജിലെ ഓച്ചേരിമഠം, ചവറ വില്ലേജിലെ പള്ളാലക്കാവ്-1, പള്ളാലക്കാവ്-II പദ്ധതികളും, മയ്യനാട് വില്ലേജിൽ താന്നിമുക്ക്, പരവൂർ വില്ലേജിൽ കല്ലുകുന്ന്, ഇരവിപുരം വില്ലേജിൽ ആറ്റുകാൽ പുതുവൽ-I, ആറ്റുകാൽ പുതുവൽ-II ഭവന പദ്ധതികളിലായി 1080 വീടുകളും, 'ഇൻസിറ്റു', ബി.ഡി.സി.എച്ച്.എസ്. മാതൃകയിൽ 60 വീടുകളും, ആലപ്പാട് പദ്ധതി പ്രകാരം 99 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ മയ്യനാട് വില്ലേജിൽ രണ്ട് ഡിസാസ്റ്റർ ഷെൽട്ടറുകളും പൂർത്തീകരിച്ചിട്ടുണ്ട്.

*ആലപ്പുഴ :*

സുനാമി പുനരധിവാസ പദ്ധതിയിൽ മുമ്പ് തുടങ്ങിവച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

*എറണാകുളം :*

ജില്ലയിൽ പൂർത്തിയാകുവാൻ അവശേഷിച്ചിരുന്ന എടവനക്കാട് സൈറ്റിലെ സി.എച്ച്.ആർ.പി. പ്രകാരമുള്ള നിർമ്മാണം പൂർത്തീകരിച്ചു. 12.50 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതികൾ എല്ലാം പൂർത്തിയാക്കി.

*തൃശ്ശൂർ :*

കടപ്പുറം ഭവന നിർമ്മാണ പദ്ധതിയിൽ ബാക്കി നിന്ന 154 വീടുകളുടെ പണി പൂർത്തിയാക്കി. തളിക്കുളം പദ്ധതിയിൽ ബാക്കി നിന്ന 4 വീടുകളുടെ പണി പൂർത്തിയാക്കി. പടിഞ്ഞാറെ വെമ്പല്ലൂർ പദ്ധതിയിൽ ബാക്കി നിന്ന 48 വീടുകളുടെ പണി പൂർത്തീകരിച്ചു. ചെന്ത്രാപ്പിന്നി സൈറ്റ്-I-ൽ ബാക്കി നിന്ന 10 വീടുകളുടെ പണി

പൂർത്തീകരിച്ചു. അഴീക്കോട് പദ്ധതിയിൽ ബാക്കി നിന്ന 87 വീടുകളുടെ പണി പൂർത്തീകരിച്ചു. അഴീക്കോട് ബി.ഡി.സി.എച്ച്. പദ്ധതിയിൽ 17 വീടുകളുടെ പണി പൂർത്തീകരിച്ചു. 54 വീടുകളുടെ പണി അവസാന ഘട്ടത്തിലാണ്. കടപ്പുറം, അഴീക്കോട് എന്നീ സൈറ്റുകളിൽ ഓരോന്നുവീതം ഡിസാസ്റ്റർ ഷെൽട്ടറുകളുടെ നിർമ്മാണം നടന്നുവരുന്നു.

വാടാനപ്പിള്ളി, ചെന്ത്രാപ്പിന്നി സൈറ്റ്-II, കൈപ്പമംഗലം എന്നിവിടങ്ങളിൽ സുപ്രീംകോടതിയുടെ 28.3.2011-ലെ ഉത്തരവ് പ്രകാരം 5-എ നോട്ടീസ് മുതലായ എൽ.എ. നടപടികൾ പൂർത്തിയാക്കി, 23.2.2012-ന് 2-ാമത് അവാർഡ് പാസ്സാക്കി. എടവിലങ്ങ് സൈറ്റിൽ കൈയ്യേറ്റശ്രമം ഉള്ളതുകൊണ്ട് സ്ഥലം സംരക്ഷിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു.

*മലപ്പുറം*

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 108 വീടുകളും, വള്ളിക്കുന്ന് പഞ്ചായത്തിലെ ബാലാതിരുത്തി പാലവും, ഒരു ഡിസാസ്റ്റർ ഷെൽട്ടറും നിർമ്മിച്ചു. ഒരു ഡിസാസ്റ്റർ ഷെൽട്ടറിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

*കോഴിക്കോട്:*

ഒഞ്ചിയം വില്ലേജിൽ 11 വീടുകളുടെയും, പമ്പ്ഹൗസിന്റെയും, ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ 18 വീടുകളുടെയും വൈദ്യുതീകരണം നടത്തി. വിദ്യാഭ്യാസ വകുപ്പു മുഖേന സ്കൂൾ കെട്ടിടം, ടോയ്ലറ്റ്/യൂറിനൽ യൂണിറ്റുകൾ എന്നിവയുടെ തുടർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബെറ്റർമാനേജ്മെന്റ് കോക്കനട്ട്, തെങ്ങിൻ തൈകളുടെ വിതരണം, ഇടവിളകളായി മുരിങ്ങ, വാഴ തുടങ്ങിയ തൈകളുടെ വിതരണം നടപ്പിലാക്കി. ചെങ്ങോട്ടുകാവ് വില്ലേജിലെ 28 വീടുകളിലേയ്ക്കുള്ള മഴവെള്ളസംഭരണ സംവിധാനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ഒഞ്ചിയം വില്ലേജിൽ 42 വീടുകളിലേയ്ക്കുള്ള ജലവിതരണ സംവിധാന പ്രവൃത്തികൾ, ചോമ്പാല വില്ലേജിലെ 25 വീടുകളിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണം, അഴിയൂർ വില്ലേജിൽ 43 വീടുകളുടെ നിർമ്മാണം എന്നിവയും പൂർത്തിയായിട്ടുണ്ട്. ഇൽസിറ്റു പദ്ധതി പ്രകാരം ബാക്കിയുണ്ടായിരുന്ന ഒരു വീടിന്റെ നിർമ്മാണവും പൂർത്തീകരിച്ചു.

*കണ്ണൂർ :*

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും ഈ സർക്കാരിന്റെ ഭരണത്തിൻ കീഴിൽ തുടർന്നുവരുന്നു. 85 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

*കാസർഗോഡ്:*

27 വീടുകളുടെ പണി പൂർത്തിയാക്കി.

വിവിധ പദ്ധതിനിർവ്വഹണ യൂണിറ്റുകൾ വഴി നടപ്പിലാക്കിയ പ്രവൃത്തികൾ :

*ഫിഷറീസ് വകുപ്പ്:*

ഈ സർക്കാർ അധികാരമേറ്റ ശേഷം 91.51 ലക്ഷം രൂപ പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ചു.

*തുറമുഖ വകുപ്പ്:*

മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച് നടന്നുവന്നിരുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 80 ലക്ഷം രൂപയുടെ ബാക്കി തുക ഈ സർക്കാർ അധികാരമേറ്റ ശേഷം നൽകിയിട്ടുണ്ട്.

*കേരള വിദ്യുച്ഛക്തി വകുപ്പ്:*

1567 വീടുകൾക്ക് വൈദ്യുതി കണക്ഷനുകളും അതിനാവശ്യമായ ലൈൻ നിർമ്മാണ പ്രവൃത്തികളും ചെയ്തു.

*വാട്ടർ അതോറിറ്റി:*

കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ ചെറിയ ഒരു ഭാഗം ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു കഴിഞ്ഞു.

*സാമൂഹ്യക്ഷേമം:*

മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

*ശാസ്ത്രസാങ്കേതിക വകുപ്പ്:*

കൊല്ലം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ 4 ശാസ്ത്രസാങ്കേതിക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

*വിദ്യാഭ്യാസ വകുപ്പ്:*

സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

*കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്:*

സുനാമി പുനരധിവാസ പദ്ധതിയിൽ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 1644 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി.

(ബി) ഇതിന്റെ ഭാഗമായി എത്ര വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) അവസാന മിനുക്കുപണികൾ പൂർത്തിയാകാനുള്ള 745 വീടുകൾ അടക്കം ആകെ 8494 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

(സി) എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് ഈ പദ്ധതി പ്രകാരം നടപ്പാക്കിയത് എന്ന് വിശദമാക്കുമോ ?

(സി) 1148 കോടി രൂപയാണ് അധിക കേന്ദ്ര സഹായമായി സുനാമി പുനരധിവാസ പദ്ധതിക്കായി വകയിരുത്തിയത്. ഈ തുക മുഴുവനും വിവിധ പദ്ധതിനിർവ്വഹണ യൂണിറ്റുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.